പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 3371

16-12-2015 ൽ മറുപടിനൽകേണ്ടിയിരുന്നത്

**എലത്തൂർ മണ്ഡലത്തിൽ - കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി**

ചോദ്യം

ശ്രീ.എ.കെ. ശശീന്ദ്രൻ

മറുപടി

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നബാർഡിന്റെ RIDF XIX സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് തലകുളത്തൂർ, ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ സമഗ്ര വികസനം. ഈ പദ്ധതിയ്ക്ക് 696.52 ലക്ഷം രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 661.59 ലക്ഷം രൂപ നബാർഡിൽ നിന്ന് വായ്പയായും 34.93 ലക്ഷം രൂപ സംസ്ഥാന സർക്കാരുമാണ് നല്കുന്നത്. പദ്ധതിയ്ക്ക് മൂന്ന് ഘടകങ്ങളാണ്.<br>**1.** കാക്കവയൽ, ദേവസ്വം വയൽ, വള്ളിക്കാട്ടുകാവ് എന്നീ പാടശേഖരങ്ങളിലെ വിവിധങ്ങളായ നിർമ്മാണപ്രവർത്തനങ്ങൾ നാലര കോടി ചെലവിൽ കൃഷി വകുപ്പിന്റെ മേൽ നോട്ടത്തിലാണ് ചെയ്യുന്നത്.<br><br>**2.** രണ്ട് കോടി ആറര ലക്ഷം രൂപ ചെലവിൽ പട്ടർപാലം പുഴയുടെ പുനരുദ്ധാരണം കേരള ലാൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖാന്തിരമാണ് ചെയ്യുന്നത്.<br><br>**3.** മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നാൽപ്പത് ലക്ഷം രൂപ ചെലവിൽ പാവയിൽ ചീർപ്പ്, നാരായണൻ ചിറ മെച്ചപ്പെടുത്തുന്നത് എന്നീ പ്രവർത്തനങ്ങളും എലത്തൂർ നിയോജക മണ്ഡലത്തിൽ ചെയ്തു വരുന്നു. |

| | | |
|---|---|---|
| | | തെരണ്ട ചീർപ്പ് മുതൽ കുരാച്ചിറ വരെ തോടിന്റെ ആഴം കൂട്ടി പാർശ്വഭിത്തി സംരക്ഷണവും (386 ലക്ഷം രൂപ). കറ്റ്യാടിപ്പുറത്ത് താഴെ മുതൽ മണലി വയൽ വരെ നടപ്പാത നിർമ്മിക്കാൻ (14.50 ലക്ഷം രൂപ) ഫാം റോഡ് നിർമ്മാണവും തോട് വൃത്തിയാക്കൽ (4.6 ലക്ഷം രൂപ) എന്നിവയാണ് കാക്കവയൽ പാടശേഖരത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ.<br>13.85 ലക്ഷം രൂപ ചെലവിൽ പമ്പ് ഹൗസും, ഇലക്ട്രിക്ക് മോട്ടോറും, പൈപ്പ് ലൈനും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കി പച്ചക്കറി കൃഷിയ്ക്ക് വേണ്ടി ജലസേചന സൗകര്യം ഒരുക്കുന്നതാണ് ദേവസ്വം വയൽ പാടശേഖരത്തിനു വേണ്ടി രൂപീകരിച്ചിട്ടുള്ള പദ്ധതി.<br>വള്ളിക്കാട്ടുകാവ് പാടശേഖരത്തിനാണെങ്കിൽ അത്തിയൂർ തോടിന്റെ ആഴം കൂട്ടലും, പാർശ്വസംരക്ഷണവും 31.05 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പറഞ്ഞ പ്രവൃത്തികൾ എല്ലാം ഉൾപ്പെടുന്നതാണ് തലക്കുളത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ സമഗ്ര വികസനം എന്ന പദ്ധതി.<br>ഈ പദ്ധതിയ്ക്കു കീഴിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന 4.5 കോടിയുടെ വിവിധ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും എഗ്രിമെന്റ് നമ്പർ 54/2015-16 തീയതി-15/9/15 പ്രകാരം കോഴിക്കോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറുകാരൻ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വെള്ളക്കെട്ടുള്ളതു മൂലം പ്രവൃത്തി തുടങ്ങാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. പ്രവൃത്തി തുടങ്ങാൻ ആവശ്യമായ സാധനസാമഗ്രികൾ സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ? | (ബി) | ജനുവരി ആദ്യ വാരത്തോടെ കൃഷി വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ